# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 479 | 11.06.2013- ലെ മറുപടിക്ക്

## സഹകരണ മേഖലയിലെ ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരളത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ച വരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തൊക്കെ കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) | ആശുപത്രി സംഘങ്ങൾക്ക് കൂടുതൽ ഓഹരി നൽകുന്നതിനും, ആർ.ഐ.ഡി.എഫ്., എൻ.സി.ഡി.സി., സംസ്ഥാന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും അപ്രകാരം സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) & (സി) | കേരളത്തിലെ സഹകരണ മേഖലയിൽ പ്രവർത്തിച്ച വരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ, ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള ചികിത്സാ സേവനം മിതമായ ചെലവിൽ ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനഘടനയും പ്രവർത്തനാന്തരീക്ഷവും ഉറപ്പ് വരുത്തുന്നതിനുമുള്ള സാദ്ധ്യതയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. കെ.എ. ചന്ദ്രൻ എക്സ്. എം.എൽ.എ അദ്ധ്യക്ഷനായും ശ്രീ. കെ.വി. സുരേഷ് ബാബു (അഡീഷണൽ രജിസ്ട്രാർ, ക്രെഡിറ്റ്, സഹകരണ സംഘം രജിസ്ട്രാർ ആഫീസ്) കൺവീനറായും, ശ്രീ. ഇ. നാരായണൻ, ചെയർമാൻ, ഹോസ്പിറ്റൽ ഫെഡ്, ശ്രീ. ടി. കെ. പൊറിഞ്ചു, തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി പ്രസിഡന്റ് എന്നിവർ അംഗങ്ങളായി ഒരു പഠന കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത ആശുപത്രികളിലെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതന ഘടനയും പ്രവർത്തനാന്തരീക്ഷവും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ